ഉത്തരം

(എ) 3-02-2011 വരെ 43 ജയിലുകൾ ജയിൽ ദിനാഘോഷം നടന്നു. പങ്കെടുത്ത തടവുകാരുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

തിരുവനന്തപുരം-823

കൊല്ലം-149

പത്തനംതിട്ട-103

ആലപ്പുഴ-165

കോട്ടയം-190

എറണാകുളം-438

തൃശ്ശൂർ-1013

ഇടുക്കി-83

കണ്ണൂർ-1156

കോഴിക്കോട്-356

പാലക്കാട്-109

മലപ്പുറം-169

വയനാട്-64

കാസർഗോഡ്-143

(ബി) 5,06,750 രൂപ.

## സംസ്ഥാനത്ത് അഴിമതി/കൈക്കൂലി ഇടപാടുകളുമായി ബന്ധപ്പെട്ട വിജിലൻസ് കേസുകൾ

89(295) ശ്രീ. എം. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ അഞ്ചു വർഷത്തിനിടെ സംസ്ഥാനത്ത് അഴിമതി/കൈക്കൂലി ഇടപാടുകളുമായി ബന്ധപ്പെട്ട് വിജിലൻസ് വകുപ്പ് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്നറിയിക്കുമോ ;

(ബി) സംസ്ഥാന സർക്കാർ ജീവനക്കാർ ഉൾപ്പെട്ട എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(സി) സംസ്ഥാന പോലീസ് ഉദ്യോഗസ്ഥർ ഉൾപ്പെട്ട എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ഡി) സംസ്ഥാനത്തെ പൊതുപ്രവർത്തകർ ഉൾപ്പെട്ട എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) കഴിഞ്ഞ അഞ്ചുവർഷത്തിനിടെ എത്ര കേസുകളിൽ കുറ്റ വാളികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ട് ;

(എഫ്) വെറുതെ വിട്ട എത്ര കേസുകൾ ഉണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) 724 വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) സംസ്ഥാന സർക്കാർ ജീവനക്കാർ ഉൾപ്പെട്ട 711 വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) സംസ്ഥാന പോലീസ് ഉദ്യോഗസ്ഥർ ഉൾപ്പെട്ട 29 വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഡി) സംസ്ഥാനത്തെ പൊതു പ്രവർത്തകർ ഉൾപ്പെട്ട 108 വിജിലൻസ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഇ) കഴിഞ്ഞ അഞ്ചുവർഷത്തിനിടെ 191 കേസ്സുകളിൽ കുറ്റ വാളികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ട് .

(എഫ്) വെറുതെവിട്ട 61 കേസുകൾ ഉണ്ട്. മൂന്ന് വിജിലൻസ് കേസുകളിൽ പ്രതികൾ മരിച്ചതിനെ തുടർന്ന് കേസ് നടപടികൾ അവസാനിപ്പിച്ചിട്ടുണ്ട്.

**സർക്കാർ ഉദ്യോഗസ്ഥർക്കെതിരെയുള്ള വിജിലൻസ് കേസുകൾ**

90(296) ശ്രീ. ടി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര സർക്കാർ ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ബി) ഏതെല്ലാം വകുപ്പിലെ ഉദ്യോഗസ്ഥർക്കെതിരെയാണ് കേസ്സ് രജിസ്റ്റർ ചെയ്തിരിക്കുന്നത് ;

(സി) ഇവർക്കെതിരെ കൈക്കൊണ്ട നടപടികൾ വിശദമാക്കുമോ ?

ഉത്തരം

(എ) 991 ഉദ്യോഗസ്ഥർക്കെതിരെ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) താഴെ പറയുന്ന വകുപ്പുകളിലെ ഉദ്യോഗസ്ഥർക്കെതിരെയാണ് കേസ് രജിസ്റ്റർ ചെയ്തിരിക്കുന്നത്:

1. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്
2. പൊതുമരാമത്ത് വകുപ്പ്
3. വിദ്യാഭ്യാസ വകുപ്പ്
4. പഞ്ചായത്ത് വകുപ്പ്

LIBRARY ARCHIVES Kerala Legislative Assembly